യായിട്ടും യോജിച്ചുതന്നെ ഒരു തീരുമാനമുണ്ടാക്കാൻ കഴിയുമെന്നാണ് എന്റെ പ്രതീക്ഷ. അതിനു രണ്ട് കൂട്ടരോടും അഭ്യർത്ഥിച്ചിട്ടുണ്ട്. രണ്ടുകൂട്ടരും അതിന് അനുകൂലമായ ഒരു നിലപാട് തന്നെ സ്വീകരിച്ചിട്ടുണ്ടെന്നാണ് എനിക്ക് ബോധ്യപ്പെട്ടിട്ടുള്ളത്. തീർച്ചയായും തുടർന്നും കൂടിയാലോചനവഴി ശമ്പളപരിഷ്കാരം സംബന്ധിച്ച് വളരെ താമസിയാതെ തന്നെ തീരുമാനമെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. അതുപോലെ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ചെറുകിട തോട്ടം തൊഴിലാളികൾക്ക് ക്ഷേമനിധി പദ്ധതിയെ സംബന്ധിച്ച് ബിൽ തയ്യാറാക്കി. അതിന്റെ ഫൈനൽ സ്റ്റേജിലാണ്. ആ ബിൽ അടുത്ത നിയമസഭയിൽ അവതരിപ്പിക്കുന്നതാണ്.

മി. ഡെ. സ്പീക്കർ : മൂന്നു ലക്ഷത്തോളം തോട്ടം തൊഴിലാളികളെ ബാധിക്കുന്ന ഒരു പ്രശ്നമെന്നുള്ള നിലയിൽ ഇതിലെ പൊതുപണിമുടക്ക് ഒഴിവാക്കുന്നതിനുവേണ്ടി ഗവൺമെന്റ് സമുചിതമായ തീരുമാനമെടുക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

(2) പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് പെർമിറ്റ് അടിസ്ഥാനത്തിൽ മണ്ണെണ്ണ ലഭിക്കുന്നതിന് നേരിടുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. പി.ജെ. ഫ്രാൻസിസ് : സർ, 1997 ജനുവരി മാസം 1-ാം തീയതിമുതൽ ഇന്നുവരെ മത്സ്യത്തൊഴിലാളികൾക്ക് പെർമിറ്റിന് അപേക്ഷകൾ സ്വീകരിക്കുകയോ പെർമിറ്റ് കൊടുക്കുകയോ ചെയ്യാത്തതുകൊണ്ട് അവർ അനുഭവിക്കുന്ന ദുരിതങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ആഗ്രഹിക്കുന്നത്. മൂന്നുലക്ഷം തൊഴിലാളികൾ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. അവരുടെ പണി സീസണലാണ്. മത്സ്യബന്ധന സീസണിൽപ്പോലും എല്ലാദിവസവും കടലിൽ വള്ളമിറക്കിയാൽ മീൻ കിട്ടാറില്ല. പക്ഷേ അങ്ങനെ മീൻ കിട്ടാറില്ലെങ്കിലും ഓരോ ദിവസവും അവർ നേരിടുന്ന ഇന്ധനച്ചെലവ് വളരെ വലുതാണ്. പെർമിറ്റ് അടിസ്ഥാനത്തിൽ മണ്ണെണ്ണ കിട്ടിയില്ലെങ്കിൽ പട്ടിണി മാറ്റുന്നതിനുവേണ്ടി കരിഞ്ചന്തയിൽനിന്നും മണ്ണെണ്ണ വാങ്ങിയിട്ടാണ് അവർ മത്സ്യബന്ധനത്തിന് പോകുന്നത്. അങ്ങനെ മത്സ്യബന്ധനത്തിന് പോയാൽ മത്സ്യം കിട്ടാതെ വരുമ്പോൾ അവർക്കുണ്ടാകുന്ന നഷ്ടവും കടവും എത്ര വലുതാണെന്നറിയുമോ? എന്താണ് മണ്ണെണ്ണ കൊടുക്കാത്തത്? സർക്കാർ ഒരു നിരോധനം ഏർപ്പെടുത്തിയിരിക്കുന്നു. പുതുതായി മണ്ണെണ്ണ പെർമിറ്റ് അപേക്ഷകൾ സ്വീകരിക്കരുതെന്നാണ്. അതുകൊണ്ട് 1997 ജനുവരി 1 മുതൽ ഒരൊറ്റ അപേക്ഷപോലും സിവിൽസപ്ലൈസ് ഡിപ്പാർട്ടുമെന്റ് സ്വീകരിക്കുന്നില്ല. അതിനുമുമ്പ് പെർമിറ്റ് കൊടുത്തിട്ടുള്ള മത്സ്യത്തൊഴിലാളികളുടെ അവസ്ഥയെന്താണ്? എന്ത് കാര്യം പറഞ്ഞുകൊണ്ടാണ് 1997 ജനുവരിക്ക് മുൻപ് കൊടുത്തിരുന്ന മണ്ണെണ്ണ പെർമിറ്റിൽ അനുവദിക്കപ്പെട്ട മണ്ണെണ്ണയുടെ തോത് ഭീമമായി വെട്ടിക്കുറച്ചത്? എന്താണ് കാര്യം? വെട്ടിക്കുറച്ചത് മാത്രമാണോ? ഒരു വള്ളത്തിന് പെർമിറ്റ് കൊടുക്കുന്നത് ആ വള്ളത്തിൽ പണിയെടുക്കുന്ന തൊഴിലാളിയുടെ ലീഡറിന്റെ പേരിലാണ്. ആ ലീഡർ മരിച്ചുപോയാൽ ആ പെർമിറ്റ് റദ്ദാക്കും. ഇതുപോലുള്ള കാട്ടുനീതി വേറെ വല്ലയിടത്തും നടപ്പാക്കാൻ കഴിയുമോ? ഇത് എന്ത് അനീതിയാണ്. അപ്പോൾ മത്സ്യതൊഴിലാളികൾക്ക് മാത്രം പിൻതുടർച്ചാവകാശം അനുവദിക്കുകയില്ലേ? അടുത്ത ലീഡറിന്റെ പേരിൽ കൊടുക്കാൻ തയ്യാറാകുന്നില്ല. പിന്നെ മറ്റൊരു ഉപകാരം കൂടി അവർ ചെയ്തിരിക്കുകയാണ്. ഔട്ട്ബോർഡ് എഞ്ചിൻ കേടായിക്കഴിഞ്ഞാൽ അത് നന്നാക്കാൻ കൊടുത്തുകഴിഞ്ഞാൽ വീണ്ടും ഉപയോഗിക്കാൻ കഴിയാതെ വരികയാണെങ്കിൽ ആ വള്ളത്തിന് കൊടുത്തിരിക്കുന്ന പെർമിറ്റ് റദ്ദാക്കും. അന്യായമായി റദ്ദാക്കിയ പെർമിറ്റ് അനുസരിച്ചുള്ള

LIBRARY ARCHIVES Kerala Legislative Assembly

മണ്ണെണ്ണ ആർക്കാണ് കൊടുക്കുന്നത്? ഏതെങ്കിലും മത്സ്യത്തൊഴിലാളികൾക്ക് കൊടുക്കുന്നുണ്ടോ? ഇല്ല. ഇതൊക്കെ ചെയ്തിട്ടും പോരാത്തതുകൊണ്ട് ഡിപ്പാർട്ട്മെന്റ് മറ്റൊരു ക്രൂരത കാണിക്കുകയാണ്. എന്താണ്? സംയുക്ത പരിശോധനാ മാമാങ്കം. ഈ മാമാങ്കത്തിൽ പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ പെർമിറ്റുകൾ റദ്ദാക്കുന്നുണ്ട്. കാശ് കൊടുക്കാത്തവർക്ക്. എന്താണ് റദ്ദാക്കാൻ കാരണം? ആ മത്സ്യത്തൊഴിലാളികൾ ഉപയോഗിക്കുന്ന എഞ്ചിന്റെ തകരാറ് പറയും അല്ലെങ്കിൽ അവർ കൊടുക്കുന്ന റിക്കാർഡിൽ തെറ്റുകളുണ്ടെന്ന് പറഞ്ഞ് റദ്ദാക്കുന്നു. അതേസമയം വ്യാജ പെർമിറ്റുള്ളവർ സംയുക്തപരിശോധനാ ഉദ്യോഗസ്ഥൻമാരുമായി ക്രിയാത്മകമായ സഹകരണബന്ധം പുലർത്തുന്നതുകൊണ്ട് അവന്റെ പെർമിറ്റുകൾ ഒന്നും വെട്ടിക്കുറയ്ക്കുന്നില്ല. ഈ വെട്ടികുറയ്ക്കുന്ന പെർമിറ്റിന് മണ്ണെണ്ണ ആർക്കാണ് കൊടുക്കുന്നത്? ഈ സംയുക്ത പരിശോധനാ മാമാങ്കം അടുത്ത ജനുവരി 9-ന് വച്ചിരിക്കുകയാണ്. മത്സ്യത്തൊഴിലാളികൾ നിർദ്ദേശിക്കുന്ന സമയത്തും സ്ഥലത്തും പരിശോധനയ്ക്ക് ഔട്ട്ബോർഡ് എഞ്ചിൻ കൊണ്ടുചെല്ലണം. അപ്പോൾ അവന്റെ ഒരു ദിവസത്തെ മത്സ്യ ബന്ധനവും നഷ്ടപ്പെടുന്നു. എന്നിട്ട് ചെന്ന് കഴിഞ്ഞാലോ? ചിലപ്പോൾ നടക്കാതെ വരും. കഴിഞ്ഞ ഡിസംബർ 12ന് സംയുക്ത പരിശോധന വച്ചിരുന്നതാണ്. പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ എഞ്ചിനും ചുമന്നുകൊണ്ട് ചെന്നപ്പോൾ അന്ന് നടക്കുകയില്ലെന്ന് മനസ്സിലായി. ഇതെന്താണ്? ഇവർ കായംകുളം കൊച്ചുണ്ണിയെപ്പോലുള്ള കള്ളൻമാരാണോ? അതോ ഇത്തിക്കരപ്പക്കിയെപ്പോലുള്ള കള്ളൻമാരാണോ? മണ്ണെണ്ണ പെർമിറ്റ് കൊടുക്കുന്നത് മത്സ്യത്തൊഴിലാളികൾക്ക് മാത്രമാണോ? കാർഡുടമകൾക്ക് കൊടുക്കുന്നുണ്ട്. മറ്റുള്ള പെർമിറ്റുകാർക്ക് കൊടുക്കുന്നുണ്ട്. ആ മണ്ണെണ്ണ എല്ലാം കരിഞ്ചന്തയിൽ വരുന്നു. ഇത് ഇവരാണ് കരിഞ്ചന്തയിൽ കൊണ്ടുകൊടുക്കുന്നതെന്നാണ് വിശ്വാസം. മത്സ്യബന്ധനമേഖലയിലെ പെർമിറ്റനുസരിച്ച് എത്ര മണ്ണെണ്ണയാണ് കൊടുക്കുന്നത്? ഞാൻ അതിന്റെ കണക്കറിയാൻ നോക്കി. ഞാൻ കഴിഞ്ഞ ദിവസം കൺട്രോളർ ഓഫ് റേഷനിംഗ് ഓഫീസിൽപോയി. അപ്പോൾ അറിയാൻകഴിഞ്ഞത് കൺട്രോളർ ഓഫ് റേഷനിംഗ് ഒരു വിലക്ക് കൊടുത്തിരിക്കുന്നു. ഞാൻ കാളിംഗ് അറ്റൻഷൻ നോട്ടീസ് കൊടുത്തതുകൊണ്ട് യാതൊരു വിവരവും കൊടുക്കാൻ പാടില്ലെന്നാണ് അദ്ദേഹം കൊടുത്തിരിക്കുന്ന ഉത്തരവ്. എനിക്ക് വിവരം കിട്ടിയില്ല. ഞാൻ ഓഫീസിൽ അന്വേഷിക്കാൻ പോയത് മറ്റൊന്നും കൊണ്ടല്ല. 1996-97-ന് ശേഷം സിവിൽസപ്ലൈസ് ഡിപ്പാർട്ട്മെന്റിന്റെ ഭരണറിപ്പോർട്ട് നമ്മുടെ മേശപ്പുറത്ത് വച്ചിട്ടില്ല. അതുകൊണ്ട് 1996-97-ന് മത്സ്യബന്ധന മേഖലയിൽ പെർമിറ്റ് അടിസ്ഥാനത്തിൽ പ്രതിമാസം എന്ത് വിതരണം ചെയ്തുവെന്നറിയാൻ വേണ്ടിയാണ് പോയത്. അപ്പോൾ ഞാൻ ഒരു കാളിംഗ് അറ്റൻഷൻ നോട്ടീസ് കൊടുത്തുകൊണ്ട് അങ്ങയുടെ കൺട്രോളർ ഓഫ് റേഷനിംഗ് ഓർഡർ കൊടുത്തിരിക്കുകയാണ്, വിവരം കൊടുക്കരുതെന്ന്. ഞാൻ ഫോണിൽ വിളിച്ചു ചോദിച്ചപ്പോൾ അദ്ദേഹം പറയുന്നത് കാളിംഗ് അറ്റൻഷന് ഉത്തരം മന്ത്രിക്ക് കൊടുത്തിട്ടുണ്ട്, അതുകൊണ്ട് ഇവിടെ നിന്നും തരാൻ കഴിയുകയില്ലെന്നാണ്. 1996-97-ലെ റിപ്പോർട്ടാണ് ഞാൻ വായിക്കുന്നത്. 1996 എപ്രിൽ മാസത്തിൽ കേന്ദ്ര അലോട്ടുമെന്റുണ്ടായത് 34775 കിലോ ലിറ്റർ മണ്ണെണ്ണയാണ്. അന്ന് മത്സ്യത്തൊഴിലാളികൾക്ക് കൊടുത്തത് വെറും 5447 ലിറ്റർ മണ്ണെണ്ണയാണ്. 1996 മേയ് മുതൽ 1997 ഫെബ്രുവരി വരെ അവർക്ക് പ്രതിമാസം കൊടുത്തത് എത്രയാണെന്നറിയുമോ? 4890 ലിറ്റർ മണ്ണെണ്ണയാണ്. എപ്രിൽ മാസത്തിൽ കൊടുത്തിരുന്ന വിഹിതത്തിൽനിന്ന് 657 ലിറ്റർ മണ്ണെണ്ണ കുറച്ചു കൊടുത്തു. 1997 മാർച്ച് ആയപ്പോഴോ അത് 4642 ലിറ്ററാക്കി കുറച്ചു. വീണ്ടും കുറച്ചിരിക്കുന്നത് 228 ലിറ്റർ മണ്ണെണ്ണയാണ്. അപ്പോൾ ഈ മണ്ണെണ്ണ കുറവു

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തിട്ട് അത് ആർക്കാണ് കൊടുക്കുന്നത്? മത്സ്യത്തൊഴിലാളികൾക്ക് കൊടുക്കുന്നുണ്ടോ? ഇല്ല. ഞാൻ നിയമസഭയിൽ അങ്ങയോട് ആവശ്യപ്പെട്ടില്ലേ? മത്സ്യത്തൊഴിലാളികൾക്ക് പെർമിറ്റു കൊടുക്കുന്നതിനുള്ള അപേക്ഷ സ്വീകരിക്കണം. പുതിയ പെർമിറ്റ് കൊടുക്കണം. അങ്ങ് എന്താണ് പറഞ്ഞത്? അങ്ങ് പറഞ്ഞത് കേന്ദ്രം വിഹിതം കൂട്ടിത്തന്നാൽ മാത്രം പരീക്ഷിക്കാമെന്നാണ്. കഴിഞ്ഞ വർഷം ഒരു ലക്ഷം കാർഡുടമകൾക്ക് പ്രത്യേകം പെർമിറ്റ് കൊടുത്തില്ലേ? ആ പെർമിറ്റ് മണ്ണെണ്ണ കൊടുത്തത് കേന്ദ്രവിഹിതം കൂട്ടിതന്നിട്ടാണോ? കേന്ദ്രവിഹിതം കൂടുന്നതിന്റെ മാനദണ്ഡമെന്താണ്? 1991 ഒക്ടോബർ മാസം വരെ ബ്ലോക്ക് അടിസ്ഥാനത്തിലാണ് കേന്ദ്രം മണ്ണെണ്ണ തന്നത്. അതിനുശേഷം നവംബർ മാസം മുതൽ ഏത് അടിസ്ഥാനത്തിലാണ് തന്നത്? ആവശ്യകതയുടെ അടിസ്ഥാനത്തിലാണ്. അപ്പോൾ സംസ്ഥാനം ഒരു മാസം എത്ര മണ്ണെണ്ണ ആവശ്യമുണ്ടെന്ന് ആവശ്യപ്പെടുന്നതിന്റെ അടിസ്ഥാനത്തിലാണ് മണ്ണെണ്ണ തരുന്നത്. ശരിയല്ലെങ്കിൽ 1996-97-ലെ റിപ്പോർട്ട് ഞാൻ വായിക്കാം. 1991 ഒക്ടോബർ മാസം വരെ കേന്ദ്രത്തിൽനിന്നും മണ്ണെണ്ണയുടെ വിഹിതം ലഭിച്ചിരുന്നത് ബ്ലോക്ക് അടിസ്ഥാനത്തിലാണ്. 1991 നവംബർ മുതൽ ബ്ലോക്ക് അടിസ്ഥാനം നിർത്തലാക്കുകയും എല്ലാ മാസവും ഒരേ രീതിയിൽ ആവശ്യകതയുടെ അടിസ്ഥാനത്തിൽ വിഹിതം അനുവദിക്കുകയും ചെയ്തുവരുന്നു. 1997 സാമ്പത്തികവർഷത്തിൽ ആവശ്യകതയുടെ 85% മുതൽ 95% വരെ മാത്രമേ കേന്ദ്രത്തിൽനിന്നും മണ്ണെണ്ണ അനുവദിക്കുന്നുള്ളു. അപ്പോൾ ആവശ്യകത അംഗീകരിക്കുന്നുവെങ്കിൽ എന്തുകൊണ്ട് മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിനാവശ്യമുള്ള മണ്ണെണ്ണയുടെ തോത് കൂട്ടിച്ചേർത്തുകൊണ്ട് ആവശ്യപ്പെടാൻ കഴിയുന്നില്ല. അപ്പോൾ മത്സ്യത്തൊഴിലാളികളോട് കാട്ടുന്ന അവഗണന ഭയങ്കരമാണ്. അവർ വിദേശനാണ്യം നേടിത്തരുന്നവരാണ്. 1997-ൽ കേന്ദ്ര വിഹിതമായിട്ട് 3.72 ലക്ഷം കിലോലിറ്റർ മണ്ണെണ്ണ കിട്ടി. 1998 ആയപ്പോൾ അത് 3.84 ലക്ഷം കിലോലിറ്ററായി ഉയർത്തിതന്നില്ലേ? എന്നിട്ടും ഇവിടെനിന്നും ഒരു തുള്ളി മണ്ണെണ്ണപോലും ഈ പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് കൊടുക്കാൻ അങ്ങ് തയ്യാറാകാത്തത് എന്താണ് സർ? ഇത്ര ക്രൂരവിനോദം കൊള്ളുകയില്ല. ഗതി മുട്ടിയാൽ ചേരയും തിരിഞ്ഞുകടിക്കും. മത്സ്യത്തൊഴിലാളികൾ അതിന്റെ ലക്ഷണം കാണിച്ചുതുടങ്ങി. അതുകൊണ്ടാണ് അവരുടെ ധർണ ഉദ്ഘാടനം ചെയ്യാൻ ചെന്ന ജനപ്രതിനിധിയോടുപോലും അവർ അപമര്യാദയായിട്ട് പെരുമാറിയത്. മറ്റൊന്നും കൊണ്ടല്ല അവരുടെ വേദനകൊണ്ടാണ്. ഈ രാജ്യത്ത് വിദേശനാണ്യം നേടിത്തരുന്നതിന് ക്രിയാത്മകമായ പങ്കാണ് ഈ തീരദേശപരമ്പരാഗത മത്സ്യത്തൊഴിലാളികൾ വഹിച്ചിരിക്കുന്നത്. അവരുടെ ജീവിതം വളരെ മോശമാണ്. കടലെടുത്ത സ്ഥലത്ത് കടൽ ഭിത്തി കെട്ടുന്നില്ല. അവർ പട്ടിണി മാറ്റാനാണ് ഈ കടലിനോട് മല്ലിടുന്നത്. അതിന് കൊടുക്കുകയില്ലെന്ന് പറയുന്നത് വളരെ ദയനീയമാണ്. അങ്ങ് എങ്കിലും ഈ മത്സ്യത്തൊഴിലാളികളോട് കാണിക്കുന്ന ..... തീരദേശമെന്നുപറയുമ്പോൾ പലർക്കും അസഹിഷ്ണുതയാണ്. അതുകൊണ്ട് ദയവായി ഈ കാട്ടുനീതി ഒന്ന് അവസാനിപ്പിക്കണം. 1997 മുതൽ ഒരു തുള്ളി മണ്ണെണ്ണ കൊടുക്കുന്നില്ല. കൊടുത്ത മണ്ണെണ്ണ വെട്ടി കുറയ്ക്കുന്നു. പല കാരണങ്ങൾ പറഞ്ഞ് അവരുടെ പെർമിറ്റുകൾ റദ്ദാക്കുന്നു. ഈ ക്രൂരവിനോദം അവസാനിപ്പിച്ചുകൊണ്ട് അവരുടെ അപേക്ഷകൾ സ്വീകരിച്ച് പെർമിറ്റ് കൊടുക്കാൻ ബഹുമാനപ്പെട്ട മന്ത്രി മുൻകൈ എടുക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, ബഹുമാനപ്പെട്ട മെമ്പർക്ക് ഒരുപാട് തെറ്റിദ്ധാരണകൾ

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഈ മണ്ണെണ്ണ പെർമിറ്റ് കൊടുക്കുന്നത് സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റിൽനിന്നും യുക്തമനുസിച്ച് ചെയ്യുകയല്ല. സിവിൽസപ്ലൈസ് ഡിപ്പാർട്ടുമെന്റിന്റെ ആളുകൾ ഇതിനുവേണ്ടുന്ന കാര്യങ്ങൾ ഫിഷറീസ് ഡിപ്പാർട്ടുമെന്റുമായിട്ട് ചർച്ചചെയ്ത് അവരുംകൂടി ചേർന്ന് വെരിഫൈ ചെയ്ത് അർഹമായ വള്ളങ്ങൾക്കാണ് കൊടുത്തുകൊണ്ടിരിക്കുന്നത്. അല്ലാതെ സിവിൽസപ്ലൈസ് ഡിപ്പാർട്ടുമെന്റിന്റെ ഇഷ്ടംപോലെ വള്ളങ്ങൾക്ക് കൊടുക്കുകയോ കൊടുക്കാതിരിക്കുകയോ ചെയ്യുന്നില്ല. എല്ലാ വർഷവും സംയുക്തമായി വെരിഫിക്കേഷൻ ഉണ്ട്. ഈ വർഷവും സംയുക്ത വെരിഫിക്കേഷൻ തുടങ്ങി കഴിഞ്ഞു. ആ തീയതി മാറ്റിയത് സിവിൽസപ്ലൈസ് ഡിപ്പാർട്ടുമെന്റിന്റെ വിഷമം കൊണ്ടല്ല. മത്സ്യത്തൊഴിലാളികളുടെ സംഘടനകൾ എല്ലാം കൂടിവന്ന് പല അസൗകര്യങ്ങൾ പറഞ്ഞു അവസാനം വന്നപ്പോൾ റംസൻ കഴിഞ്ഞ ആകാവുന്നെന്ന് പറഞ്ഞു. അങ്ങനെ 2000 ജനുവരി 9-ാം തീയതിയാണ് ഇപ്പോൾ സംയുക്തവെരിഫിക്കേഷൻ നിശ്ചയിച്ചിരിക്കുന്നത്. ഈ പ്രാവശ്യം എല്ലാം നടന്നപ്പോൾ ഞാൻ കൂടുതൽ മണ്ണെണ്ണയ്ക്കു ചെന്നതിനുശേഷം കേന്ദ്രമന്ത്രി ബഹുമാനപ്പെട്ട റാം നായിക്കിന്റെ ഒരു ലെറ്റർ എനിക്ക് വന്നിട്ടുണ്ട്. അതിനകത്തുള്ള ഒരു വാചകം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താം. "It is also mentioned in the memorandum that fisherman prefer Kerosene oil due to increase in the price of petrol and diesel. As you would appreciate the Government of India in subsidising kerosene oil merely for the benefit of the power sections of the society and it is not meant for uses other than cooking and lighting. I would request you to exercise stringent control on diversion of kerosene oil for the purposes other than cooking and lighting." ഞാൻ ഗവണ്മെന്റ് ഓഫ് ഇന്ത്യയുടെ ആറ്റിറ്റ്യൂട് പറയുകയാണ് അവർ നിർബന്ധമായും പറയുന്നത് കുക്കിംഗിനും ലൈറ്റിംഗിനുമല്ലാതെ ഒരു പർപ്പസിനും കൊടുക്കരുത് എന്നാണ്. ഇത് ഇപ്പോഴത്തെ കേന്ദ്രമന്ത്രി മാത്രമല്ല. ഇതിനു മുമ്പുള്ള കേന്ദ്രമന്ത്രിമാരുടേതും ഇതേ ആറ്റിറ്റ്യൂട് തന്നെയാണ്. കുക്കിംഗിന് വെറിറി സബ്സിഡൈസ്ഡാണ്. അതുകൊണ്ട് ഇത് കുറച്ചു കൊടുക്കണമെന്നാണ്. അപ്പോൾ നമ്മൾ സംയുക്തമായിട്ട് ഡിസ്കസ് ചെയ്തപ്പോൾ ..... ബഹുമാനപ്പെട്ട മെമ്പർ ഇപ്പോൾ ഇവിടെയിരുന്നുകൊണ്ട് പറഞ്ഞത് ശരിയല്ല. ഒന്നാമത്തെ ഡിസിഷൻ 2000 ജനുവരി 9-ാം തീയതി സംയുക്ത പരിശോധന നടത്തി പുതിയ പെർമിറ്റുകൾ നൽകുന്ന കാര്യം തീരുമാനിക്കും.

നിലവിൽ പെർമിറ്റുള്ള വള്ളങ്ങളിൽ വച്ചിരിക്കുന്നതുകൂടാതെ പുതിയ എൻജിനുകളും പരിശോധനയ്ക്കു വിധേയമാക്കേണ്ടതാണ്. എൻജിനുകളുടെ കാലാവധിയും പരിശോധനയും സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ഫിഷറീസ് സെക്രട്ടറിയും സിവിൽ സപ്ലൈസ് സെക്രട്ടറിയും ചേർന്ന് തീരുമാനിക്കുന്നതാണ്. മത്സ്യബന്ധനത്തിനായി മണ്ണെണ്ണ അനുവദിക്കുന്നതിന് മത്സ്യഫെഡ് മണ്ണെണ്ണ വിതരണ ഏജൻസിയാകും. ഇതുവരെ അനുവദിച്ചതിൽ നടക്കുന്ന ചില കാര്യങ്ങൾ അങ്ങേയ്ക്കുകൂടി അറിയാവുന്നതാണ്. പെർമിറ്റ് ഇപ്പോഴും വള്ളക്കാർക്ക് കൊടുക്കുന്നുണ്ട്. കൊടുത്തുകഴിഞ്ഞാൽ ആ പെർമിറ്റ് പലപ്പോഴും വള്ളത്തിന്റെ തൊഴിലാളികളുടെ കൈയിലല്ല. യഥാർത്ഥത്തിൽ അവിടെ പലപ്പോഴും നടന്നുകൊണ്ടിരിക്കുന്നത് ഈ വള്ളത്തിനുള്ള പെർമിറ്റ് ചില ഇടത്തരക്കാർ വാങ്ങിച്ചു വച്ചിട്ട് സമയത്ത് പാവപ്പെട്ട തൊഴിലാളികൾ പോകുമ്പോൾ ഈ റേഷൻ വിലയ്ക്കല്ലാതെ വൻതുകയ്ക്കു കൊടുക്കുന്ന സംഭവമാണ്. ഈ ഡിസ്ക്കഷനിൽ ഫിഷറീസ് സംഘടനക്കാരും ഫിഷറീസിന്റെ എല്ലാവരും ഇക്കാര്യം പറയുന്നുണ്ട്. അത് അവോയിഡ് ചെയ്യാൻ

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടി ഞങ്ങൾ ഇപ്പോൾ ഉദ്ദേശിക്കുന്നത് അതിന്റെ ഉത്തരവാദിത്വം സിവിൽസപ്ലൈസ് ഡിപ്പാർട്ടുമെന്റ് ഏൽക്കേണ്ട. മത്സ്യഫെഡുണ്ട്. മത്സ്യഫെഡിന് 40-ഓളം ഔട്ട്‌ലെറ്റുകൾ ഉണ്ട്. അപ്പോൾ മത്സ്യഫെഡ് അവരുടെയെല്ലാം പെർമിറ്റുകൾ വാങ്ങിക്കുക, എന്നിട്ട് മത്സ്യഫെഡ് ഈ പെർമിറ്റുകൾ അനുസരിച്ച് മണ്ണെണ്ണ കൊടുക്കുക. ഇപ്പോഴുള്ള അലോട്ടുമെന്റ് എന്നു പറയുന്നത് അങ്ങ് പറഞ്ഞതുപോലെ ഇടയ്ക്ക് ചിലപ്പോൾ കൂടുതൽ കൊടുത്തതുണ്ട്. ആനുവൽ അലോട്ടുമെന്റ് ഉണ്ടായിരുന്നത് 4798 കിലോലിറ്റർ പെർ മന്ത് ആണ്. അതിൽ അൽപ്പം ചില മാസങ്ങളിൽ കൂടുതൽ കൊടുത്തിട്ടുണ്ട്. കഴിഞ്ഞ വർഷം അലോട്ടുമെന്റ് കൊടുത്തിരുന്നത് 4798 കിലോലിറ്റർ പെർ മന്ത് ആണ്. ചിലപ്പോൾ ചില മാസങ്ങളിൽ അധികം കൊടുക്കാം, ചിലപ്പോൾ കുറവ് വന്നേക്കാം. ഇതിന്റെ ഉദ്ദേശം എന്താണെന്നുവച്ചാൽ ഇതുകൂടാതെ മത്സ്യഫെഡ് ഇംപോർട്ട് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. അതുംകൂടി ആണെന്നുണ്ടെങ്കിൽ ജനുവരിൻ ആയിട്ടുള്ള വള്ളം ഉപയോഗിക്കുന്നവരുടെ പെർമിറ്റുകൾ മുഴുവൻ മത്സ്യഫെഡ് ഏജൻസിയെന്ന നിലയിൽ വാങ്ങിച്ച് വച്ചിട്ട് ആവശ്യാനുസരണം കൊടുക്കുകയാണെങ്കിൽ തീർച്ചയായും വള്ളക്കാർക്ക് ഈ വൈഷമ്യം വരുകയില്ല. ഇടയ്ക്ക് ആളുകൾക്ക് ഒരു തെറ്റിദ്ധാരണയുണ്ടായി. ഈ മണ്ണെണ്ണ ഇപ്പോൾ 6 രൂപയ്ക്കത്തിൽ ചില്ലറാനം പേർക്ക് 6 ലിറ്റർ വച്ച് 500 രൂപയിൽക്കുറവ് വരുമാനമുള്ളവർക്ക് വിതരണം ചെയ്തു. കൂപ്പൺ നിന്ന് വിഷമമുണ്ടായിയെന്നു പറഞ്ഞു. അത് കൊടുത്തത് എങ്ങനെയാണെന്നു വച്ചാൽ ഫ്രാഡായിട്ട് ഇലക്ട്രിഫൈ ചെയ്ത വീടുള്ളവർക്ക് പെർമിറ്റ് ചെയ്തതിനെക്കാൾ കൂടുതൽ കാർഡുകൾക്ക് പെർമിറ്റ് ഉണ്ടായിരുന്നു. അതുപോലെതന്നെ ഗ്യാസ് കണക്ഷനുള്ളവർക്ക് 2 ലിറ്ററേ പാടുള്ളൂ എന്നുണ്ട്. പക്ഷേ, പലരും എട്ടും പത്തും ലിറ്റർ വാങ്ങിച്ചു കൊണ്ടിരുന്നു. ഇത് മുഴുവൻ വെരിഫൈ ചെയ്ത് ഇങ്ങനെ ഫ്രാഡായിട്ട് ഉണ്ടായിരുന്ന മണ്ണെണ്ണ മുഴുവൻ മാറ്റിയെടുത്തിട്ടാണ്, അല്ലാതെ പുതിയ അലോട്ടുമെന്റ് കിട്ടിയിട്ടല്ല അങ്ങനെ കൊടുത്തത്. പുതിയ അലോട്ടുമെന്റിന് നമുക്ക് അർഹതയുണ്ടെന്നു പറയുന്നത് എന്താണെന്നുവച്ചാൽ നാഷണൽ ആവറേജ് പെർ ക്യാപിറ്റാ 11.00 something ആണ്. നമുക്കതിൽക്കുറച്ചാണ് എത്രയോ കൊല്ലമായിട്ട് കിട്ടിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് നാഷണൽ ആവറേജ് നമുക്ക് കിട്ടാനുള്ള കാര്യമാണ് ഞാൻ പ്രധാനമായിട്ടും ഈ നവംബർ 23-ാം തീയതി കേന്ദ്രമന്ത്രിയുമായിട്ട് ഡിസ്കസ് ചെയ്തത്. റോജിക്കലായിട്ട് അദ്ദേഹത്തിന് ഒരു മറുപടിയും പറയാൻ കഴിഞ്ഞില്ല. അപ്പോഴാണ് ഈ ഡൈവെർഷന്റെ കാര്യമൊക്കെ പറഞ്ഞത്. ഫിഷറീസിന് കൊടുക്കുന്നു, മറ്റുള്ള കാര്യങ്ങൾക്ക് കൊടുക്കുന്നു. അതിന്റെ കൂടി പറഞ്ഞിട്ടുണ്ട്. ഒരുപാട് കാലം വിഷമിക്കേണ്ട കാര്യമില്ല റേഷൻ മണ്ണെണ്ണയുടെ കാര്യം വേറെ കൈകാര്യം ചെയ്യാമെന്നു പറഞ്ഞിട്ടുണ്ട്. 2002 ആകുമ്പോൾ ക്രമാനുഗതമായി ഈ സബ്സിഡി മുഴുവൻ എടുത്തു കളയും. അത് ഓറലായിട്ട് പറഞ്ഞു. പിന്നെ പത്രക്കാരോടും പറഞ്ഞുവെന്നു തോന്നുന്നു. ഞാൻ ഇത് പറയുന്നത് ശരിയല്ലെങ്കിലും നമ്മൾ കൂടുതൽ മണ്ണെണ്ണ ചോദിച്ചിട്ടുണ്ട്. ഇന്നുള്ള 4798 കിലോലിറ്റർ മണ്ണെണ്ണയുടെ വലിയൊരു ഭാഗം വേണ്ടവിധത്തിൽ മത്സ്യത്തൊഴിലാളികൾക്ക് കിട്ടാത്ത സംവിധാനം മാറ്റുന്നതിനുവേണ്ടിയുള്ള ഒരു പുതിയ സംവിധാനം ഫിഷറീസ് ഡിപ്പാർട്ടുമെന്റുമായി കൂടി ആലോചിച്ചാണ് മത്സ്യഫെഡിനെ ഇതിന്റെ ചുമതല ഏൽപ്പിച്ചിട്ട് ആവശ്യാനുസരണം കൊടുക്കാനുള്ള സംവിധാനമുണ്ടാക്കുന്നത്. അങ്ങനെ വിശ്വസ്തതയോടെ പുതിയ സംവിധാനമുണ്ടാക്കുകയാണെങ്കിൽ പുതിയ വള്ളങ്ങൾക്കും പെർമിറ്റ് കൊടുക്കാം. ഞങ്ങളല്ല, ഇതിന്റെ ടെക്നിക്കലി കാളിഫൈഡ്

LIBRARY ARCHIVES Kerala Legislative Assembly

പേഴ്സൺസ്. അത് വാസ്തവത്തിൽ ഫിഷറീസ് ഡിപ്പാർട്ടുമെന്റാണ്. ഏതു കൊല്ലം വരെയുള്ള എൻജിനുകൾക്ക് ഈ പെർമിറ്റ് കൊടുക്കാമെന്നുള്ളത് ഫിഷറീസ് വകുപ്പിനല്ലാതെ സിവിൽ സപ്ലൈസ് വകുപ്പിന് പറയാൻ പറ്റുക യില്ല. അതുകൊണ്ട് ജോയിന്റായിട്ടുള്ള വെരിഫിക്കേഷൻ നടത്തിയിട്ട് അത് കൊടുക്കാം. പരാതിയില്ലാത്ത രീതിയിൽ കൊടുക്കാനാണ് ഉദ്ദേശിക്കുന്നത്. പുതിയ വള്ളങ്ങൾക്ക് കൊടുക്കാനാണ് ഉദ്ദേശിക്കുന്നത്. അത് നമുക്കൊന്നു പരീക്ഷിച്ചു നോക്കാം. എനിക്കു തോന്നുന്നത് ഈ പെർമിറ്റുകളെല്ലാം മത്സ്യ ഫെഡിന്റെ വിവിധ ഏജൻസികളെ ഏൽപ്പിച്ചാൽ പരാതി കൂടാതെ ആവശ്യാ നുസരണം യഥാർത്ഥത്തിൽ കടലിൽ പോകുന്ന വള്ളങ്ങൾക്ക് മണ്ണെണ്ണ കിട്ടാ നുള്ള സംവിധാനം നമുക്കുണ്ടാക്കാൻ സാധിക്കും. അതിന് സഹകരിക്കണമെ ന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. പി.ജെ. ഫ്രാൻസിസ് : സർ, വള്ളത്തിന്റെ ലീഡറിന്റെ പേരിലാണ് പെർമിറ്റ് കൊടുക്കുന്നത്. അയാൾ മരിച്ചുപോയി കഴിഞ്ഞാൽ ആ വള്ളത്തിലെ മറ്റൊരു തൊഴിലാളിയുടെ പേരിൽ പെർമിറ്റ് പുതുക്കി കൊടുക്കാനും മത്സ്യബ ന്ധനത്തിന് ഉപയോഗിക്കുന്ന എഞ്ചിൻ തകരാറായി കഴിഞ്ഞാൽ പെർമിറ്റ് വീണ്ടും തുടർന്ന് കൊടുക്കാനുമുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : അങ്ങനെയുള്ള വെരിഫിക്കേഷൻ അവർക്ക് ചെയ്യാവുന്നതാണ്. ഞങ്ങളുടെ ഡയറക്ഷൻ അനുസരിച്ച് കിട്ടാനുള്ള അവകാശികൾക്ക് കൊടുത്തുകൂടാ എന്നൊന്നും പറഞ്ഞിട്ടില്ല. അവകാശിയു ണ്ടെങ്കിൽ കൊടുക്കാം. അത് പരിശോധിക്കാവുന്നതാണ്. ഫിഷറീസ് ഡിപ്പാർട്ടുമെന്റാണ് അത് സർട്ടിഫൈ ചെയ്യേണ്ടത്. ഒരാൾ മരിച്ചുപോയി, നിയ മപരമായി അടുത്ത ആളിന് കൊടുക്കുന്നതിന് യാതൊരു തെറ്റും ഞാൻ കാണുന്നില്ല. അങ്ങനെയുണ്ടെങ്കിൽ വെരിഫൈ ചെയ്യാം. അതിപ്പോൾ ആദ്യമാ യിട്ടാണ് ഇങ്ങനെ കേൾക്കുന്നത്. യൂണിയനുമായിട്ടുള്ള ഡിസ്കഷനിൽ ഇത് വന്നില്ല. അവരുമായിട്ടുള്ള ഡിസ്കഷനു ശേഷമാണ് ഈ സജഷൻ വന്നത്. മണ്ണെണ്ണ ശരിക്കും കിട്ടുന്നതിനായിട്ട് മത്സ്യഫെഡിന്റെ ഏജൻസികളെ ഏൽപ്പി ച്ചാൽ അവർ ശരിയായിട്ട് നടത്തുമെന്നാണ് വന്നത്. അങ്ങനെയുണ്ടെങ്കിൽ പരിശോധിക്കാം. ഒരാൾ മരിച്ചുപോയാൽ വള്ളമുണ്ടെങ്കിൽ വള്ളത്തിനാണ് പെർമിറ്റ് കൊടുക്കുന്നത്. എന്റെ ധാരണ വള്ളത്തിനാണ് പെർമിറ്റ് എന്നാണ്.

III. സബ്മിഷൻ

(1) വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണം

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

[10.00 AM] ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : സർ, കേന്ദ്രമന്ത്രിയായി രുന്ന എസ്.കെ. പട്ടേൽ 1961 സെപ്തംബർ 9-ാം തീയതി യാണ് വിഴിഞ്ഞം തുറമുഖത്തിന് കല്ലിട്ടത്. മൂന്ന് ഘട്ടങ്ങളായി ഇതിന്റെ പണി പൂർത്തിയാക്കണമെന്നാണ് അന്ന് തീരുമാനിച്ചിരുന്നത്. അതി നുവേണ്ട പ്രോജക്ട് റിപ്പോർട്ടും അംഗീകരിച്ചിരുന്നു. 1962-ൽ ഇതിന് അനു മതി ലഭിക്കുകയും ഒന്നാം ഘട്ടത്തിന്റെ പണി ആരംഭിക്കുകയും ചെയ്തു. 17 വർഷം വേണ്ടി വന്നു ഇതിന്റെ ഒന്നാം ഘട്ടം പണി പൂർത്തിയാക്കാൻ. 1987-ൽ ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോഴാണ് രണ്ടും മൂന്നും ഘട്ടങ്ങളുടെ ഭരണാനുമതി കൊടുത്തത്. ഈ തുറമുഖത്തിന് ആവശ്യമുള്ള സ്ഥലം പൊന്നും വിലയ്ക്കെടുക്കുകയും അതുപോലെ അവിടെ

LIBRARY ARCHIVES Kerala Legislative Assembly